**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** — **10-02-2025 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണത്തിന് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 110 കെ.വി. ഇലക്ട്രിക് ലൈനിന് കീഴിൽ സ്ഥിതി ചെയ്യുന്ന ജീർണ്ണാവസ്ഥയിലുള്ള വീടുകൾ ലൈഫ് മിഷൻ, പുനർഗേഹം, പി.എം.എ.വൈ. മുതലായ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് വൈദ്യുത വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം നിർമ്മാണം മുടങ്ങിപ്പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട് . സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 പ്രകാരം നിലവിലുള്ള ശിരോപരി ലൈനിന് താഴെ ഉള്ള കെട്ടിട നിർമ്മാണം പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. കേരളത്തിലെ പ്രത്യേക പരിതസ്ഥിതി പരിഗണിച്ചും സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രതയും വീട് നിർമ്മിയ്ക്കുന്നതിനുള്ള സ്ഥല പരിമിതിയും കണക്കിലെടുത്ത് , റെഗുലേഷൻ 136(1) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ വിവേചന അധികാരം ഉപയോഗിച്ച് റെഗുലേഷൻ 62(1), റെഗുലേഷൻ 63(1)-ൽ വ്യതിയാനം അനുവദിച്ച് റെഗുലേഷൻ 65ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ചുകൊണ്ട് , സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023 അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി, ഉപാധികളോടെ ശിരോപരി ലൈനിന് താഴെ വീട് നിർമ്മിയ്ക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നു. തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . നിലവിലുള്ള ശിരോപരി ലൈനിന് താഴെ വീട് നിർമ്മിയ്ക്കുന്നതിനുള്ള അനുമതിയ്ക്കായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ, ആ ഓഫീസുകളിൽ നിന്നും സ്ഥല പരിശോധന നടത്തി പരിശോധന റിപ്പോർട്ട് , അനുബന്ധരേഖകൾ , അഭിപ്രായം എന്നിവ സഹിതം പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി അപേക്ഷകളും പരിശോധന റിപ്പോർട്ടും വിശദമായി പരിശോധിച്ച് അനുമതി നൽകാവുന്നതാണോ അല്ലയോ എന്നത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് വ്യക്തമായ ശിപാർശ സർക്കാരിലേക്ക് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ് . ഇപ്രകാരം ലഭിക്കുന്ന ഓരോ അപേക്ഷയും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സർക്കാരിനാണ് . |
| (ബി) | ഇത്തരത്തിൽ ഭവന നിർമ്മാണത്തിന് എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിലെ ശ്രീമതി നീലി, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | അപേക്ഷകർ പാലക്കാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ച് ആ കാര്യാലയത്തിൽ നിന്നും പരിശോധന നടത്തി വിശദമായ റിപ്പോർട്ട് (എ) പിരിവിനുള്ള മറുപടിയിൽ പരാമർശിച്ച കമ്മിറ്റിയുടെ പരിശോധനയ്ക്കായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് അയക്കുന്നതാണ് എന്നും പ്രസ്തുത കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും ശ്രീമതി നീലി-യെയും ശ്രീ.ഉണ്ണികൃഷ്ണൻ-നെയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ